s

# ഓർഫനേജ് യു.പി സ്കൂൾ

## ഫസ്ഫരി കാമ്പസ് പടിഞ്ഞാറ്റുംമുറി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26



# ഓർഫനേജ് യു.പി സ്കൂൾ
## പടിഞ്ഞാറ്റുംമുറി

മലപ്പുറം ജില്ലയിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ പടിഞ്ഞാറ്റുംമുറിയിൽ എം.എ.എഫ്.എം ഓർഫനേജിന്റെ കീഴിൽ 1979 ൽ ഓർഫനേജ് യു.പി സ്കൂൾ (എയ്ഡഡ്) പ്രവർത്തനമാരംഭിച്ചു. 3 എൽ.പി. സ്കൂൾ പടിഞ്ഞാറ്റുംമുറിയിൽ വിവിധ ഭാഗങ്ങളിലായി ഉണ്ടായിരുന്നെങ്കിലും യു.പി. വിദ്യാഭ്യാസത്തിനായി കുട്ടികൾക്ക് ദൂരേക്ക്പോകേണ്ട അവസ്ഥയുണ്ടായിരുന്നു. ഇത് കുട്ടികളുടെ പഠനത്തെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ പഠനത്തെ സാരമായി ബാധിച്ചിരുന്നു. ഇതിനൊരു പരിഹാരമായത് ഈ സ്കൂൾ സ്ഥാപിക്കപ്പെട്ടതോടെയാണ്.

ദക്ഷിണേന്ത്യയിലെ തന്നെ വിഖ്യാതനായ ഇസ്ലാമിക പണ്ഡിതനും കവിയും വാഗ്മിയുമായിരുന്ന മൗലാന അബ്ദുറഹ്മാൻ ഫസ്ഫരിയുടെ സ്മരണക്കായി മകനും ഇസ്ലാമിക പണ്ഡിതനുമായിരുന്ന മുഹമ്മദ് സാലിം മൗലവിയുടെ നേതൃത്വത്തിൽ ആരംഭിച്ച യതീംഖാനയുടെ (എം.എ.എഫ്.എം.ഓർഫനേജിന്റെ) പൊതുവിദ്യഭ്യാസ രംഗത്തേക്കുള്ള കാൽവെപ്പുകൂടിയായിരുന്നു ഇത്. 5,6 ക്ലാസുകളിലായി 4 ഡിവിഷനുകളും 8 അധ്യാപകരുമായി ആരംഭിച്ച സ്കൂൾ ഇന്ന് 5,6,7 ക്ലാസുകളിലായി 22 ഡിവിഷനുകളും 30 അധ്യാപകരുമെന്ന നിലയിലേക്ക് വളർന്നിരിക്കുന്നു.

സ്കൂൾ മാനേജ്മെൻിന്റേയും പി.ടി.എ യുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളാൽ സ്കൂളിന് പ്രയോജനപ്രദമായ പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്



## ഐ.ടി.പഠനം

### കമ്പ്യൂട്ടർ ലാബ്

സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ പോലും കമ്പ്യൂട്ടർ പഠനം പാഠ്യപദ്ധതിയുടെ ഭാഗമാകുന്നതിനു മുമ്പുതന്നെ ഈ വിദ്യാലയത്തിൽ കമ്പ്യൂട്ടർ പഠനസൗകര്യം ഏർപ്പെടുത്തുകയുണ്ടായി. 11 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 14 ലാപ്ടോപ്പുകളുമടങ്ങുന്ന ലാബിൻറെ സുഗമമായ പ്രവർത്തനം പി.ടി.എ യുടെ സഹകരണത്തോടെയാണ് സാധ്യമാവുന്നത്.

## തുന്നൽ പരിശീലന കേന്ദ്രം

സ്കൂളിലെ പെൺകുട്ടികളെ തുന്നൽ പഠിപ്പിക്കുന്നതിനായി ഒരു തുന്നൽ പരിശീലന കേന്ദ്രം പി.ടി.എ യുടെയും മാനേജ്മെന്റിന്റെയും സഹകരണത്തോടെ പ്രവർത്തിച്ച് വരുന്നു. 18 തയ്യൽ മെഷീനുകൾ സജ്ജീകരിച്ചിട്ടുള്ള കേന്ദ്രത്തിൽ ഒരു ടീച്ചറെയും നിയമിച്ചിട്ടുണ്ട്

## യാത്രാ സൗകര്യം

കുട്ടികളുടെ യാത്രാസൗകര്യം ഉറപ്പുവരുത്താനായി പരിസരപ്രദേശങ്ങളിലേക്ക് സ്കൂൾബസ് സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 6 വാഹനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ

സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോറിലൂടെ കുട്ടികൾ ആവശ്യമായ പാഠപുസ്തകങ്ങളും മറ്റു പഠന സാമഗ്രികളും വിതരണം ചെയ്തുവരുന്നു. സമീപത്തെ മറ്റ് എൽ.പി. സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങളും സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോറിലൂടെയാണ് വിതരണം ചെയ്യുന്നത്.

## സ്കൂൾ ലൈബ്രറി

ആവശ്യത്തിന് പുസ്തകങ്ങളുള്ള ഒരു സ്കൂൾ ലൈബ്രറിക്കു പുറമെ മാനേജർ ഏർപ്പെടുത്തിയ സമ്പന്നമായ ഒരു ക്യാമ്പസ് ലൈബ്രറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കാമ്പസ് ലൈബ്രറിയിൽ ലൈബ്രേറിയനേയും മാനേജ്മെന്റ് നിയമിച്ചിട്ടുണ്ട്

## സമ്പൂർണ്ണ ഹൈടെക് ക്ലാസ് മുറികൾ

പി.ടി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സ്കൂളിലെ നിലവിലുള്ള 21 മുറികളും ഹൈടെക്വൽക്കരിച്ചിട്ടുണ്ട്. കുട്ടികൾക്ക് കാലോചിതമായ പഠനാനുഭവങ്ങൾ നൽകാൻ ഇതുവഴി സാധിക്കുന്നു.

## സ്പോർട്സ് അക്കാദമി

സ്കൂളിലെ കുട്ടികളുടെ കായികശേഷിയെ പരിപോഷിക്കുന്നതിനായി സ്പോർട്സ് അക്കാദമി പ്രവർത്തിച്ചുവരുന്നു. അക്കാദമിയുടെ കീഴിൽ ഫുട്ബോൾ കോച്ചിങ് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

## സ്കൗട്ട് & ഗൈഡ്സ്

സ്കൂളിൽ സ്കൗട്ട് & ഗൈഡ്സ് പ്രവർത്തിക്കുന്നുണ്ട് . 32 വിദ്യാർത്ഥികൾ വീതമുള്ള 2 യൂണിറ്റുകളാണ് സ്കൂളിലുള്ളത്. വിദ്യാർത്ഥികൾക്കിടയിൽ സേവന, സഹകരണ മനോഭാവം വളർത്തിയെടുക്കുവാൻ സ്കൗട്ട് ആൻഡ് ഗൈഡ്സ് ന് സാധ്യമാകുന്നുണ്ട്

## ഉച്ചഭക്ഷണം

സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടത്തിവരുന്നു. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതോടൊപ്പം നാടൻ വിഭവങ്ങൾകൂടി ഭക്ഷണത്തിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

## സൈക്കിൾ ക്ലബ്

സ്കൂളിലെ എല്ലാ പെൺകുട്ടികളും സൈക്കിൾ ഓടിക്കാൻ പഠിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനായി സ്കൂളിൽ സൈക്കിൾ ക്ലബ് പ്രവർത്തിച്ചുവരുന്നു.

## ടാലന്റ് ഹണ്ട്

സ്കൂളിന്റെ തനതു പദ്ധതിയായ ടാലൻറ് ഹണ്ട് തുടർന്നുവരുന്നു. സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിയുള്ള പ്രത്യേക ടെസ്റ്റുകളിൽ നിന്നും കണ്ടെത്തുന്ന 40 അംഗങ്ങളുള്ള ടാലന്റ് ഗ്രൂപ്പിന് പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കുകയും വേറിട്ട പഠനാനുഭവങ്ങൾ ഒരുക്കുകയും ചെയ്യുന്നതാണ് പദ്ധതി. വർഷാവസാനം ഗ്രൂപ്പിൽനിന്നും വിവിധ മേഖലകളിൽ മികവു പ്രകടിപ്പിക്കുന്ന ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും ടാലൻറ് ഓഫ് ദ ഇയർ ആയി തിരഞ്ഞെടുത്ത് സമ്മാനം നൽകിവരുന്നു .

## ഇംഗ്ലീഷ് മീഡിയം

13 വർഷമായി സ്കൂളിൽ 5,6,7 ക്ലാസുകളിൽ ഇംഗ്ളീഷ് മീഡിയം ഡിവിഷനുകളുണ്ട്. ഓരോ ക്ലാസിലും ഓരോ ഡിവിഷനായി തുടങ്ങിയ ഇംഗ്ലീഷ് മീഡിയം ഇപ്പോൾ ഓരോ ക്ലാസിലും മൂന്ന് ഡിവിഷനുകൾ എന്ന നിലയിലേക്കു വളർന്നിരിക്കുന്നു.

## സ്കൂൾ സമ്പാദ്യപദ്ധതി

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുവാനായി സ്കൂളിൽ സമ്പാദ്യപദ്ധതി നടക്കുന്നുണ്ട്.

## ഒരു ചെറുകൈ സഹായം

വിദ്യാർത്ഥികളിൽ സാമൂഹ്യബോധവും സഹാനുഭൂതിയും വളർത്തുന്നതിനും, അർഹരായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനും വേണ്ടിയുള്ള സംരഭമാണിത്. കുട്ടികൾ എല്ലാ ആഴ്ചയും തങ്ങൾക്ക് കഴിയുന്ന തുക സംഭാവന ചെയ്യുകയും സ്കൂൾ തലത്തിൽ സമാഹരിക്കുകയും ചെയ്യുന്ന തുകകൊണ്ട് അർഹരായ സഹപാഠികൾക്ക് ചികിത്സയ്ക്കും പഠനാവശ്യത്തിനും സഹായം ചെയ്യുന്ന പദ്ധതിയാണിത്.

## വിജയസ്പർശം

( സാക്ഷരം ) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലന പരിപാടി. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിലാണ് പരിശീലനം.

## തായ്ക്വോണ്ടോ

അക്കാദമിയുടെ കീഴിൽ കുട്ടികൾക്ക് ആയോധന കലയായ തായ്ക്കോണ്ടയിൽ പരിശീലനം.

## JRC

ജൂനിയർ റെഡ് ക്രോസ്സിന്റെ യൂണിറ്റ് 40 കുട്ടികളുമായി സ്കൂളിൽ പ്രവർത്തിച്ച് വരുന്നു. വിദ്യാഭ്യാസത്തോടൊപ്പം സേവനമേഖലയിലും വിദ്യാർഥികളുടെ മനോഭാവം ഉയർത്തുക എന്നതാണ് ഈ ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.

## NGC

ദേശീയ പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഒരു പരിസ്ഥിതി ക്ലബ്ബാണ് ദേശീയ ഹരിത സേന വിദ്യാർത്ഥികളെ പ്രകൃതിയുമായി ഇണങ്ങി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് ഈ ക്ലബ്ബിന്റെ ലക്ഷ്യം 32 ഓളം വരുന്ന സേനാംഗങ്ങളുമായി ഇന്ന് സ്കൂളിൽ ഈ ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു

## Skill Education

കുട്ടികൾക്ക് അത്യാവശ്യമായ 5 ഇനം ഭക്ഷ്യവസ്തുക്കളെങ്കിലും പാചകം ചെയ്യാൻ പരിശീലനം നൽകുക

## കൃഷിപാഠം

കുട്ടികൾക്ക് ഏതാനും ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനാവശ്യമായ പരിശീലനം നൽകുക. കൃഷി ചെയ്യുന്ന ഇനങ്ങളെക്കുറിച്ച് സമഗ്രമായ അറിവ് നൽകുക.

## EASE ENGLISH

English പദസമ്പത്ത് ആർജ്ജിക്കുന്നതിനും ആശയവിനിമയം എളുപ്പമുള്ളതാക്കുന്നതിനും സ്കൂളിലെ ഇംഗ്ലീഷ് റിസോഴ്സ് ഗ്രൂപ്പ് ഈസ് ഇംഗ്ലീഷ് പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

## ExOut

സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും സ്കൂളിന് പുറത്തുള്ള ഒരു അനുഭവം നൽകുക എന്നുള്ള ഉദ്ദേശത്തോടെ വിവിധ സ്ഥലങ്ങളിലേക്ക് സന്ദർശനം നടത്തുന്ന പദ്ധതി.

## ശനിയാഴ്ചകളിൽ പ്രത്യേക പരിശീലനം

നൃത്തം, ചിത്രരചന, സംഗീതം എന്നീ മേഖലയിൽ താല്പര്യമുള്ള കുട്ടികൾക്ക് വിദക്തരുടെ പരിശീലന ക്ലാസുകൾ.

## ഹിന്ദി വർക്ക് ഷീറ്റ്

ഹിന്ദി പദസമ്പത്ത് ആർജ്ജിക്കുന്നതിനും ആശയവിനിമയം എളുപ്പമുള്ളതാക്കുന്നതിനും സ്കൂളിലെ ഹിന്ദി റിസോഴ്സ് ഗ്രൂപ്പ് ഈസ് ഹിന്ദി പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

## Birthday Bliss

പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന ആശയത്തോടെ ജന്മദിനത്തിൽ വിദ്യാർത്ഥികൾക്ക് സ്കൂളിൽ നിന്നും പ്രത്യേക സമ്മാനം നൽകുന്നു.

## സർഗ്ഗ സായാഹ്നം

കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ അവതരിപ്പിക്കുന്നതിനായി എല്ലാ വെള്ളിയാഴ്ചയും സർഗ്ഗ സായാഹ്നം നടത്തുന്നു

# സ്കൂൾ – നേട്ടങ്ങളിലൂടെ

### യുഎസ്എസ് താരങ്ങൾ

- **2025-26** അധ്യയനവർഷത്തെ യുഎസ്എസ് പരീക്ഷയിൽ 24 വിദ്യാർത്ഥികൾക്ക് യു എസ് എസ് ലഭിച്ചു.

### പഠനോത്സവം 24

- സ്കൂളിന്റെ 2025 വർഷത്തെ പഠനോത്സവം പിടിഎ പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു ഈ പരിപാടിയുടെ ഭാഗമായി 14 വ്യത്യസ്ത ക്യാമ്പുകളിലായി സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും പങ്കാളിയായി

### വായനാവാര പ്രവർത്തനങ്ങൾ രണ്ടാം സ്ഥാനം

- വിദ്യാരംഗം കലാസാഹിത്യ നടത്തിയ വായനാവാര പ്രവർത്തനങ്ങൾക്ക് ഉപജില്ലാതലത്തിൽ ര ണ്ടാം സ്ഥാനം ലഭ്യമായി

### ഗാന്ധിദർശൻ കലോത്സവം

- ജില്ലാ തല ഗാന്ധിദർശൻ കലോത്സവത്തിൽ ഗാന്ധി സ്കിറ്റ് എ ഗ്രേഡ്.
- ഗാന്ധിദർശൻ കലോത്സവത്തിൽ പ്രബന്ധരചനയിൽ രണ്ടാം സ്ഥാനവും നേടി.

### കായിക മേഖലയിൽ സ്കൂളിലെ മുന്നേറ്റങ്ങൾ

- സംസ്ഥാന സ്കൂൾ ജിംനാസ്റ്റിക് ചാമ്പ്യൻഷിപ്പിൽ മലപ്പുറം ജില്ലാ ടീമിലേക്ക് സൻഹ ,സന, സുരൻജൻ എന്നി വിദ്യാർത്ഥികൾക്ക് സെലക്ഷൻ ലഭിച്ചു.
- സംസ്ഥാന മിനി നെറ്റ് ബോൾ ജില്ലാ ടീമിലേക്ക് സ്കൂളിൽ നിന്നും രണ്ടു വിദ്യാർത്ഥികൾക്ക് സെലക്ഷൻ ലഭിച്ചു.
- ടെന്നിക്ക്വയറ്റ് സംസ്ഥാനതലത്തിൽ സ്കൂളിലെ രണ്ടു വിദ്യാർത്ഥികൾ പങ്കെടുത്തു.
- മിനി സബ് തായ്ക്രോ ചാമ്പ്യൻഷിപ്പിൽ ജില്ലാതലത്തിൽ രണ്ടാം സ്ഥാനം .
- മലപ്പുറം ജില്ല റോഡ് സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് ഒന്ന് , മൂന്ന് സ്ഥാനങ്ങൾ.

### വിദ്യാരംഗം കലാസാഹിത്യ വേദി സർഗോത്സവം

- സബ്ജില്ലാ വിദ്യാരംഗം കലാസാഹിത്യ വേദി സർഗോത്സവം പുസ്തകാസ്വാദനത്തിൽ ഒന്നാം സ്ഥാനവും നാടൻപാട്ടിൽ രണ്ടാം സ്ഥാനവും നേടി

## ശാസ്ത്ര കലോത്സവ നേട്ടങ്ങൾ

- മലപ്പുറം റവന്യൂ ജില്ലാ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റ് മത്സരത്തിൽ  സ്കൂളിന്  മൂന്നാം സ്ഥാനം
- സബ്ജില്ലാ ശാസ്ത്രോത്സവത്തിൽ സാമൂഹ്യ ശാസ്ത്ര മേളയിൽ ഓവറോൾ സെക്കന്റ്
- സബ്ജില്ലാ ശാസ്ത്രമേളയിൽ സാമൂഹ്യ ശാസ്ത്രം സ്റ്റിൽ മോഡൽ ഒന്നാം സ്ഥാനം.
- ശാസ്ത്രമേളയിൽ ഗണിത മാഗസിൻ രണ്ടാം സ്ഥാനം നേടിയപ്പോൾ പ്രവൃത്തിപരിചയ, ഗണിത, ശാസ്ത്ര മേളകളിൽ നിരവധി ഇനങ്ങളിൽ ഒന്ന് രണ്ട് മൂന്ന് സ്ഥാനത്തോടൊപ്പം എ ഗ്രേഡും നേടാൻ സാധിച്ചു
- സബ്ജില്ല സ്കൂൾ കലോത്സവത്തിൽ തുടർച്ചയായി ഇംഗ്ലീഷ് സ്കിറ്റിൽ ഒന്നാം സ്ഥാനം,
- ജില്ലാ സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റ് മൂന്നാം സ്ഥാനം .
- ജില്ലാ സ്കൂൾ കലോത്സവത്തിൽ സംഘനൃത്തം എ ഗ്രേഡ്.
- ജില്ലാ സ്കൂൾ കലോത്സവത്തിൽ കവിതാരചന എ ഗ്രേഡ് .
- സബ്ജില്ലാ സ്കൂൾ കലോത്സവത്തിൽ ഒപ്പന മൂന്നാം സ്ഥാനം
- സബ്ജില്ലാ സ്കൂൾ കലോത്സവത്തിൽ സംഘനൃത്തം ഒന്നാം സ്ഥാനം.
- സബ്ജില്ലാ കലാമേളയിൽ നിരവധി ഇനങ്ങളിൽ എ ഗ്രേഡ് നേടാൻ സാധിച്ചു.

# ശാസ്ത്രം

## ലക്ഷ്യങ്ങൾ

- ഗവേഷണ താൽപര്യം വളർത്തിയെടുക്കുക.
- കാർഷിക സംസ്കാരം വളർത്തിയെടുക്കുക
- അനുഭവത്തിലൂടെ പ്രകൃതിയെ അറിയുക
- ശാസ്ത്ര പഠനത്തിൽ താല്പര്യമുണ്ടാവുക
- അന്വേഷണത്തിലൂടെ ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുക
- ഉപകരണം രൂപകൽപ്പന ചെയ്യുക

| ക്രമ നമ്പർ | പ്രവർത്തനം / പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | കാർഷിക ഔഷധ ഉദ്യാനം<br>ജൈവ വൈവിധ്യ ഉദ്യാനം സന്ദർശനം | കാർഷിക ശാസ്ത്ര ക്ലബ്ബ് | അധ്യായനവർഷം മുഴവൻ | 8000/- | പി.ടി.എ | എച്ച്. എം |

| | | | | | | |
|---|---|---|---|---|---|---|
| 3 | ശാസ്ത്ര വിദഗ്ധരുമായി അഭിമുഖം | സയൻസ് ക്ലബ് | ജൂൺ -മാർച്ച് | 200000/- | പി.ടി.എ മറ്റു സഹായികൾ | എച്ച്. എം |
| 4 | ചാന്ദ്ര ദിന പ്രവർത്തനങ്ങൾ | സയൻസ് ക്ലബ് | ജൂലൈ | 2000/- | പി.ടി.എ | എച്ച്. എം |
| 5 | ഫീൽഡ് ട്രിപ്പ് | സയൻസ് ക്ലബ് | ഓഗസ്റ്റ് | 3000/- | പി. ടി. എ മറ്റു സഹായികൾ | എച്ച്. എം |
| 6 | ഭക്ഷ്യ മേള | സയൻസ് ക്ലബ് | ഒക്ടോബർ | 6000/- | പി. ടി. എ മറ്റു സഹായികൾ | എച്ച്. എം |
| 7 | ലഹരി വിരുദ്ധ ക്യാമ്പയിൻ | സയൻസ് ക്ലബ് | ജൂൺ -മാർച്ച് | 2000/- | പി.ടി.എ | എച്ച്. എം |
| 8 | രക്ത ദാനം - ബോധവൽക്കരണം | സയൻസ് ക്ലബ് | ജൂൺ | 3000/- | പി.ടി.എ | എച്ച്. എം |
| 9 | ശാസ്ത്രത്ഭുത പ്രദർശനം | സയൻസ് ക്ലബ് | ഫെബ്രുവരി | 2000/- | പി.ടി.എ | എച്ച്. എം |

# പ്രവൃത്തിപരിചയം

**<u>ലക്ഷ്യങ്ങൾ</u>**

- പഠനം ആസ്വാദ്യമാക്കുക
- പഠനത്തോടൊപ്പം തൊഴിലും കൊണ്ടുപോകുന്നതിനും ചെറിയ സമ്പാദ്യങ്ങൾ നേടുന്നതിനുമുള്ള സാഹചര്യം ഒരുക്കുക
- കൈത്തൊഴിലുകൾ പരിചയപ്പെടാനും പഠിക്കുവാനും അവസരം ഒരുങ്ങുന്നു
- വിവിധ പ്രവൃത്തി പരിചയ മേഖലകളെ കുറിച്ച് പഠിക്കുന്നു

## പ്രവൃത്തിപരിചയം

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | **ശാസ്ത്രമേള ഇനങ്ങൾ പരിചയപ്പെടൽ ശിൽപ്പശാല** | W. E | ജൂൺ - ജൂലൈ | 2000/- | പി. ടി. എ | എച്ച്. എം |
| 2 | **പാഴ് വസ്തുക്കൾ കൊണ്ട് ഉപയോഗ യോഗ്യമായ വസ്തുക്കൾ നിർമിക്കൽ** | W. E | ജൂൺ -മാർച്ച് | 6000 | പി. ടി. എ | എച്ച്. എം |
| 3 | **അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിവിധ ശില്പശാലകൾ** | W. E | ജൂൺ -മാർച്ച് | 3000/- | പി. ടി. എ | എച്ച്. എം |
| 4 | **രക്ഷിതാക്കൾക്ക് കൈത്തൊഴിൽ മത്സരങ്ങൾ** | W. E | ഡിസംബർ | 5000/- | പി ടി. എ | എച്ച്. എം |
| 5 | **പ്രവൃത്തിപരിചയമേള**<br>സ്കൂൾതല പരിപാടികൾക്ക് കുട്ടികളെ തയ്യാറാക്കുക | W. E | സെപ്റ്റംബർ ഒക്ടോബർ | 6000 | പി. ടി. എ | എച്ച്. എം |
| 6 | **അലങ്കാര തയ്യൽ പരിശീലനവും പ്രദർശനവും** | W. E | ജൂൺ -മാർച്ച് | 2000 | പി. ടി. എ | എച്ച്. എം |

# സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ

- ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം ഉണ്ടാക്കുക
- ചരിത്ര നേതാക്കന്മാരെ കുറിച്ച് അറിവ് വളർത്തുക
- കുട്ടികളിൽ ജനാധിപത്യ അവബോധം വളർത്തൽ
- ചരിത്രപുരുഷന്മാർ വിസ്മരിക്കപ്പെടുന്ന സാഹചര്യം ഇല്ലാതാക്കൽ
- സമൂഹം, ചരിത്രം, ഭൂമിശാസ്ത്രം, ഭരണഘടന തുടങ്ങിയ മേഖലകളിൽ അടിസ്ഥാനപരമായ അറിവ് കുട്ടികൾക്ക് ലഭ്യമാക്കുക.
- സമൂഹത്തിന്റെ വ്യത്യസ്ത ഘടനകളും പ്രവർത്തനങ്ങളും മനസ്സിലാക്കാൻ സഹായിക്കുക.
- സാമൂഹ്യസംസ്കാരപരമായ സംഭവങ്ങൾ, ചരിത്രസംഭവങ്ങൾ, ഭൂമിശാസ്ത്രപരമായ ഘടനകൾ എന്നിവയെക്കുറിച്ച് ചിന്തിക്കാനും സംശയിക്കാനും പഠിപ്പിക്കുക.
- പ്രാദേശിക ചരിത്രം, നാട്ടുകാരുടെ ജീവിതശൈലി, ഭൂമിയുടെ ഘടന എന്നിവ സ്വമേധയാ അന്വേഷിക്കാൻ പ്രേരിപ്പിക്കുക.

# സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | Short Film നിർമാണം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂൺ | 5000/- | PTA | എച്ച്. എം |
| 2 | ചാന്ദ്ര ദിനം ഫോട്ടോ പ്രദർശനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂലൈ | 10000/- | PTA | എച്ച്. എം |
| 3 | യുദ്ധ വിരുദ്ധ ഒപ്പ് ശേഖരണം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | ഒഗസ്റ്റ് | 500/- | PTA | എച്ച്. എം |
| 4 | അധ്യാപകരെ ആദരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂൺ - മാർച്ച് | 8000/- | PTA | എച്ച്. എം |
| 4 | വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങൾ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂൺ - മാർച്ച് | 2500/- | PTA | എച്ച്. എം |
| 4 | ബോധവൽക്കരണ സെമിനാറുകൾ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂൺ - മാർച്ച് | 4000/- | PTA | എച്ച്. എം |

# ഗണിതം

## ലക്ഷ്യങ്ങൾ

- സ്വഭാവിക സംഖ്യകൾ, പൂർണ്ണസംഖ്യകൾ, ശ്രേണികൾ, അനുപാതം, പരിമിതവും അപരിമിതവുമായ ദശാംശങ്ങൾ എന്നിവയെ തിരിച്ചറിയൽ
- കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം എന്നീ നാലു അടിസ്ഥാന കണക്കുകൾ സൂക്ഷ്മമായി കൈകാര്യം ചെയ്യൽ.
- നീളം, ഭാരം, ശേഷി, സമയം, താപനില തുടങ്ങിയ അളവുകൾ ശരിയായി മനസ്സിലാക്കുക.
- പട്ടികകൾ, ചാർട്ടുകൾ, ഗ്രാഫുകൾ വായിക്കുകയും സൃഷ്ടിക്കുകയും ചെയ്യുക.
- വ്യത്യസ്ത രീതികളിൽ ഒരു പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സഹായിക്കുക.
- ദൈനംദിന ജീവിതത്തിൽ ഗണിതം എങ്ങനെ ഉപയോഗപ്പെടുന്നു എന്ന് മനസ്സിലാക്കുക.

# ഗണിതം

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | **മാത്സ് പ്ലസ് പദ്ധതി** | MATHS | ജൂൺ - ജൂലൈ | 4000/- | പി. ടി. എ | എച്ച്. എം |
| 2 | **ക്ലാസ് തല പ്രവർത്തനങ്ങൾ** | MATHS | ജൂൺ -മാർച്ച് | | | എച്ച്. എം |
| 3 | **ശില്പശാലകൾ** | MATHS | ജൂൺ -മാർച്ച് | 3000/- | പി. ടി. എ | എച്ച്. എം |
| 4 | **സ്കൂൾ തല മത്സരങ്ങൾ** | MATHS | ഡിസംബർ | | | എച്ച്. എം |
| 5 | **ബാങ്കിലേക്ക് ഫീൽഡ് ട്രിപ്പ്** | MATHS | ഒക്ടോബർ | 2000/- | പി. ടി. എ | എച്ച്. എം |
| 6 | **നാട്ടറിവ് ശേഖരണം** | MATHS | ജൂൺ -മാർച്ച് | 3000/- | പി. ടി. എ | എച്ച്. എം |

# ENGLISH

## AIMS

- Understand and respond to spoken English in various contexts.
- Speak clearly and confidently in English ,
- Participate in conversations, discussions, and role plays.
- Read and understand different types of texts (stories, poems, articles).
- Write short paragraphs, stories, letters, and descriptions.

| ENGLISH | | | | | | |
|---|---|---|---|---|---|---|
| SI NO | ACTIVITY | TASK | DURATION | FINANCIAL | FINANCIAL SOURCE | MONITORI NG |
| 1 | Speaking Activity | ENGLISH | ONE DAY | 1000/- | PTA | HM |
| 2 | Word Quiz | ENGLISH | ONE DAY | 500/- | PTA | HM |
| 3 | English Assembly | ENGLISH | ONE DAY | | | HM |
| 4 | School Level Competitions | ENGLISH | ONE DAY | 1000/- | PTA | HM |
| 5 | Listening Activity | ENGLISH | ONE DAY | | | HM |
| 6 | Workshops | ENGLISH | ONE DAY | 2500/- | PTA | HM |
| 7 | Arts Day | ENGLISH | ONE DAY | 5000/- | PTA | HM |
| 8 | One Day Camp | ENGLISH | ONE DAY | 1000/- | PTA | HM |
| 9 | Scrabble Tournament | ENGLISH | ONE DAY | 1000/- | PTA | HM |

# മലയാളം

## ലക്ഷ്യങ്ങൾ

- ഭാഷാ പഠനം ആസ്വാദ്യമാക്കുക.
- ക്രിയാത്മകവും സർഗ്ഗാത്മകവുമായ പ്രകടനങ്ങൾക്ക് അവസരമൊരുക്കുക.
- പഠനാനുബന്ധ പ്രവർത്തനങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ഭിന്നശേഷിക്കാരെയും പഠന പിന്നാക്കക്കാരെയും പഠനപുരോഗതിയിലേക്ക് നയിക്കാനുള്ള പ്രവർത്തനങ്ങൽ പ്രത്യേകം തയ്യാറാക്കുക.
- വായനാ പോഷണത്തിന് ലൈബ്രറിയുടെ സാധ്യതകൾ പരമാവധി ഉപയോഗിക്കുക.

# മലയാളം

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | വായനവാര പ്രവർത്തനങ്ങൾ | **മലയാളം** | ജൂൺ | 4000/- | പി. ടി. എ | എച്ച്. എം |
| 2 | പുസ്തകമേള | **മലയാളം** | ജൂലൈ | 1000/- | പി. ടി. എ | എച്ച്. എം |
| 3 | ബഷീർ കൃതികളുടെ പ്രദർശനം | **മലയാളം** | ജൂലൈ | 3000/- | പി. ടി. എ | എച്ച്. എം |
| 4 | ലോക നാട്ടറിവ് ദിനം - മത്സരങ്ങൾ | **മലയാളം** | ഒഗസ്റ്റ് | 500/- | പി. ടി. എ | എച്ച്. എം |
| 5 | സാക്ഷരം | **മലയാളം** | ഒക്ടോബർ | 500/- | പി. ടി. എ | എച്ച്. എം |
| 6 | ഗാന്ധി പരിചയം | **മലയാളം** | ഒക്ടോബർ | 1000/- | പി. ടി. എ | എച്ച്. എം |
| 7 | കേരളപ്പിറവി മത്സരങ്ങൾ | **മലയാളം** | നവംബർ | 500/- | പി. ടി. എ | എച്ച്. എം |
| 8 | മാഗസിൻ നിർമാണം | **മലയാളം** | ഫെബ്രുവരി | 1000/- | പി. ടി. എ | എച്ച്. എം |
| 9 | ശില്പശാലകൾ | **മലയാളം** | ഫെബ്രുവരി | 2000/- | പി. ടി. എ | എച്ച്. എം |

# അറബി

## ലക്ഷ്യങ്ങൾ

- ഭാഷാ പഠനം ആസ്വാദ്യമാക്കുക
- ഭാഷ കേൾക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വികസിപ്പിക്കുക
- ആസ്വാദനത്തിനും സർഗ്ഗ ശേഷി വളർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ചെയ്യുക
- ഭിന്നശേഷിക്കാരുടെയും പഠന പിന്നാക്കക്കാരുടെയും പഠനപുരോഗതി ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുക
- വായന, എഴുത്ത് , രചന എന്നിവയിൽ കഴിവ് നേടുക.

# അറബി

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | അലിഫ് ടാലെന്റ് പരീക്ഷ | **അറബി** | ഓഗസ്റ്റ് | 500/- | പി. ടി. എ | എച്ച്. എം |
| 2 | വിവിധ മത്സരങ്ങൾ | **അറബി** | ജൂൺ-മാർച്ച് | 1000/- | പി. ടി. എ | എച്ച്. എം |
| 3 | അൽ മാഹിർ സ്കോളർഷിപ്പ് പരീക്ഷ | **അറബി** | ഒക്ടോബർ | 500/- | പി. ടി. എ | എച്ച്. എം |

# ഉറുദു

## ലക്ഷ്യങ്ങൾ

- ഉറുദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ആർജിക്കുക
- സ്കൂളിലെ ഉറുദു പഠിക്കുന്ന മുഴുവൻ കുട്ടികളെയും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉറുദു ഭാഷ സംസാരിക്കാൻ പ്രാപ്തരാക്കുക
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉള്ള കഴിവ് നേടുക
- ഉറുദു ഭാഷയെ കുറിച്ച് സാമാന്യ അവബോധം വളർത്തുക

# ഉറുദു

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാല മാസികകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | ഉറുദു | ജൂൺ-മാർച്ച് | 500/- | പി. ടി. എ | എച്ച്. എം |
| 2 | കയ്യെഴുത്ത് മാഗസിൻ | ഉറുദു | ഫെബ്രുവരി | 1000/- | പി. ടി. എ | എച്ച്. എം |
| 3 | ടാലെന്റ് മീറ്റ് | ഉറുദു | ഒക്ടോബർ | 500/- | പി. ടി. എ | എച്ച്. എം |
| 4 | ദിനാചരണങ്ങൾ | ഉറുദു | ജൂൺ-മാർച്ച് | | | എച്ച്. എം |
| 5 | വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങൾ | ഉറുദു | ജൂൺ-മാർച്ച് | | | എച്ച്. എം |

# ഹിന്ദി

## <u>ലക്ഷ്യങ്ങൾ</u>

- ഹിന്ദി ഭാഷയിൽ വായിക്കാൻ, എഴുതാൻ, കേൾക്കാൻ, സംസാരിക്കാൻ കഴിയുക.
- പാഠങ്ങൾ സമഗ്രമായി വായിച്ച് അതിന്റെ അർത്ഥം ഗ്രഹിക്കുക.
- വ്യക്തമായി, ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ സംസാരിക്കാൻ കഴിവ് നേടുക.
- ലഘുപദ്യങ്ങൾ, കുറിപ്പ്, കത്ത്, ലേഖനം എന്നിവ എഴുതാൻ പരിശീലനം നേടുക.

# ഹിന്ദി

| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1 | പരിസ്ഥിതി ദിനാചരണം | **ഹിന്ദി** | ജൂൺ | 500/- | പി. ടി. എ | എച്ച്. എം |
| 2 | Hindi Assembly | **ഹിന്ദി** | ജൂൺ-മാർച്ച് | | | എച്ച്. എം |
| 3 | ഹിന്ദി ദിനാചരണം | **ഹിന്ദി** | സെപ്റ്റംബർ | | | എച്ച്. എം |
| 4 | വിവിധ ദിനാചരണങ്ങൾ | **ഹിന്ദി** | ജൂൺ-മാർച്ച് | | | എച്ച്. എം |
| 5 | വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ | **ഹിന്ദി** | ജൂൺ-മാർച്ച് | 1000/- | പി. ടി. എ | എച്ച്. എം |
| 6 | ഹിന്ദി ഫെസ്റ്റ് | **ഹിന്ദി** | ജനുവരി | 2000/- | പി. ടി. എ | എച്ച്. എം |

# കലാ പഠനം

## ലക്ഷ്യങ്ങൾ

- പ്രകൃതിയിലെ, മനുഷ്യനിൽ, കലാസൃഷ്ടികളിൽ സൗന്ദര്യം തിരിച്ചറിയാൻ ശീലപ്പെടുത്തുക.
- ചിത്രരചന, ശില്പകല, സംഗീതം, നാടകനടനം തുടങ്ങിയ മേഖലകളിലൂടെയുള്ള സൗന്ദര്യാന്വേഷണം പ്രോത്സാഹിപ്പിക്കുക.
- കലാരൂപങ്ങളിലൂടെ പരസ്പര ആശയവിനിമയം നടത്താൻ കഴിവുള്ളതാക്കുക.
- നാടകം, നൃത്തം, സംഗീതം, കഥപറയൽ, മൈം തുടങ്ങിയവയിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുക.
- നാടിന്റെ, രാജ്യത്തിന്റെ കലാരൂപങ്ങൾ, സംഗീതപരമ്പരകൾ, ശില്പശാലകൾ, ഉത്സവങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവ് നൽകുക.
- സാമൂഹ്യപരമായ അനുഷ്ഠാനങ്ങൾക്കും തദ്ദേശീയകലാരൂപങ്ങൾക്കും ബഹുമാനവും പരിഗണനയും വളർത്തുക.

| കലാ പഠനം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | സാമ്പത്തിക ഉറവിടം | മോണിറ്ററിങ് |
| 1 | സർഗോത്സവം | **കലാ പഠനം** | ജൂൺ-മാർച്ച് | 2000/-- | പി. ടി. എ | എച്ച്. എം |
| 2 | പഠന യാത്ര | **കലാ പഠനം** | ജൂൺ-മാർച്ച് | | | എച്ച്. എം |
| 3 | ശില്പശാലകൾ | **കലാ പഠനം** | ജൂൺ-മാർച്ച് | 3000/- | പി. ടി. എ | എച്ച്. എം |
| 4 | മത്സരങ്ങൾ | **കലാ പഠനം** | ജൂൺ-മാർച്ച് | 1000/- | **പി. ടി. എ** | എച്ച്. എം |